പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 200

11.06.2012- ൽ മറുപടിക്ക്

# കെട്ടിട നിർമ്മാണ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു: | | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| എ | കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രണ രംഗത്ത് ഗവൺമെന്റിന്റെ ഇടപെടലുകൾ കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | ഇല്ല. |
| ബി | ബജറ്റിലെ നികുതി വർദ്ധനയുടെ പേരിൽ വ്യാപാരികൾ നിർമ്മാണ സാമഗ്രികളുടെ വിലയിൽ വൻ വർദ്ധന വരുത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ; | ബി | ഇല്ല. |
| സി | സംസ്ഥാനത്തെ പല സ്ഥലങ്ങളി ലും നിർമ്മാണ സാമഗ്രികൾക്ക് പല വിലയാണ് ഈടാക്കുന്നതെ ന്നും വില ഏകീകരണമില്ല എന്നുള്ളതും ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ; | സി | ഉണ്ട്. |
| ഡി | ഈ രംഗത്തെ ചൂഷണം അവസാ നിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നും വ്യക്തമാക്കാമോ? | ഡി | നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിത മായ വിലക്കയറ്റം ഒരു പരിധിവരെ തടയുന്നതിനും, പാവപ്പെട്ടവർക്കും, സാധാരണക്കാർക്കും നിർമ്മാണ സാമ ഗ്രികൾ ന്യായമായ വിലയ്ക്ക് ലഭിക്കുന്ന തിനും വേണ്ടി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കാസറഗോഡ്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലായി 12 കലവറ ന്യായവില വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ വർഷം 15 കലവറ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ